പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 76

6.01.2014-ൽ മറുപടിക്ക്.

## അനുവദിച്ച കോടതികൾ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സുപ്രീം കോടതി നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അങ്കമാലിയും കാലടിയും ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ 14.11.2013 ലെ ഉത്തരവ് പ്രകാരം അനുവദിച്ച സ്പെഷ്യൽ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ;<br><br>ബി) ഈ കോടതികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;<br><br>സി) ഈ കോടതികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | : (എ), (ബി) & (സി) സംസ്ഥാനത്ത് 13-ാം ധനകാര്യകമ്മീഷന്റെ സഹായധനം ഉപയോഗിച്ച് 27 താൽക്കാലിക സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കാൻ സ.ഉ (എം.എസ്) 285/12/ആഭ്യന്തരം തീയതി 14.11.2012 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതിൽ ഉൾപ്പെട്ട അങ്കമാലിയിലേയും കാലടിയിലേയും കോടതികൾ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടവും വാടകയ്ക്കെടുക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ഈ കോടതികളിലാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച നിർദ്ദേശം ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യവകുപ്പിന്റെ അംഗീകാരം കിട്ടിയാലുടൻ പ്രസ്തുത കോടതികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ